നമ്പർ ഡി5/6000/2017/ഡി.പി.ഐ

പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ്,
തിരുവനന്തപുരം, തീയതി05/05/2017

## സർക്കുലർ നമ്പർ -5

വിഷയം-പൊതുവിദ്യാഭ്യാസം- ജീവനക്കാര്യം - പൊതുവിദ്യഭ്യാസ വകുപ്പിലെ സർക്കാർ ഹൈസ്കൂൾ പ്രധാനാദ്ധ്യാപകൻ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ/സമാന തസ്തികകളിലേക്ക് 2017-18 അദ്ധ്യയന വർഷത്തേയ്ക്കുള്ള പൊതുസ്ഥലം മാറ്റം-സംബന്ധിച്ച്

സൂചന- 1) 20.02.2017 ഈ ഓഫീസിലെ ഇതേ നമ്പർ സർക്കുലറുകൾ
2) ഈ ഓഫീസിലെ 28.03.2017 ലെ ഇതേ നമ്പർ സർക്കുലർ

പൊതുവിദ്യാഭ്യാസ വകുപ്പിലെ സർക്കാർ ഹൈസ്കൂൾ പ്രധാനാദ്ധ്യാപകർ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ സമാന തസ്തികയിൽ ജോലി നോക്കുന്നവരിൽ നിന്നും 2017-18 വർഷത്തേക്കുള്ള പൊതുസ്ഥലംമാറ്റത്തെ സംബന്ധിച്ച നിർദ്ദേശങ്ങൾ സൂചന (1) (2) പ്രകാരം പുറപ്പെടുവിച്ചിരുന്നു. ഈ പൊതുസ്ഥലംമാറ്റവുമായി ബന്ധപ്പെട്ട് വിദ്യാഭ്യാസ ഉപഡയറക്ടർമാർ വേക്കൻസികൾ വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്തിരുന്നു. വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്ത വേക്കൻസികളുടെ കൃത്യത വിദ്യാഭ്യാസ ഉപഡയറക്ടർമാർ 2 ദിവസത്തിനുള്ളിൽ ഉറപ്പു വരുത്തേണ്ടതാണ്. വേക്കൻസി അപ്‌ലോഡ് ചെയ്തതിൽ അപാകത ഉണ്ടെങ്കിൽ ടി വിവരം രേഖാമൂലം ഈ ഓഫീസിൽ അറിയിച്ച് പരിഹരിക്കേണ്ടതാണ്. വേക്കൻസി യഥാവിധി അപ്‌ലോഡ് ചെയ്യാതെയും അപ്‌ലോഡ് ചെയ്തതിൽ അപാകത സംഭവിച്ചും, ഹെഡ്മാസ്റ്റർ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ സമാന തസ്തികകൾ ഒഴിഞ്ഞു കിടക്കുകയും, ക്രമപ്രകാരമല്ലാത്ത സ്ഥലംമാറ്റം നടക്കുകയും ചെയ്താലുള്ള പൂർണ്ണ ഉത്തരവാദിത്തം ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർമാർക്ക് മാത്രമാണെന്ന് ഓർമ്മപ്പെടുത്തുന്നു. വേക്കൻസി അപ്‌ലോഡ് ചെയ്യുമ്പോൾ വേണ്ടത്ര പരിശോധന നടത്തേണ്ടതാണ്. ആയതിനാൽ വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്ത വേക്കൻസികളുടെ കൃത്യത ഉറപ്പുവരുത്തേണ്ടതും ആയത് അടിയന്തിരമായി ഈ ഡയറക്ടറേറ്റിൽ അറിയിക്കേണ്ടതുമാണെന്ന് ഇതിനാൽ നിർദ്ദേശിക്കുന്നു.

E-mail Id:dpidsection@gmail.com

ഫോൺ നമ്പർ:0471 2580512

ഒപ്പ്/-
ഡി.സന്തോഷ്കുമാർ
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് വേണ്ടി

//അംഗീകാരത്തോടെ//

സൂപ്രണ്ട്

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും